"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പാലിക്കേണ്ട ശുചിത്വ മാലിന്യ പ്രോട്ടോക്കോൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2029/2025/LSGD തീയതി,തിരുവനന്തപുരം, 15-08-2025

---

പരാമർശം:- 1. വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെയും തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെയും അധ്യക്ഷതയിൽ 17.06.2025-ന് നടന്ന യോഗത്തിന്റെ മിനിറ്റ്സ്

**ഉത്തരവ്**

കേരളത്തിന്റെ ജി. ഡി.പിയിൽ പ്രധാന സംഭാവന നൽകുന്ന, വിദേശികളും സ്വദേശികളുമായ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന ഘടകങ്ങളായ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കാലാവസ്ഥയും നിലനിർത്തികൊണ്ടുപോകുന്നതിൽ മാലിന്യ സംസ്കരണത്തിന് വലിയ പങ്കുണ്ട്. വൃത്തിയുള്ളതും ആകർഷണിയവുമായ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഉറപ്പാക്കുന്നതിലൂടെ കേരളത്തിലെ വിനോദ സഞ്ചാര മേഖല കൂടുതൽ ശക്തിപ്പെടും. മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനും അതുവഴി വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യ മുക്തം ആക്കാനും സാധിക്കും. സംസ്ഥാനത്തെ 480 വിനോദ സഞ്ചാര കേന്ദ്രങ്ങളിലായി മാലിന്യ സംസ്കരണം സംബന്ധിച്ച് വിനോദ സഞ്ചാര വകുപ്പും ശുചിത്വ മിഷനും സംയുക്തമായി നടത്തിയ പഠനത്തിൽ നിന്നും, സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിലെ മാലിന്യ സംസ്കരണം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് ബോധ്യമാകുകയുണ്ടായി. ആയതിന് വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ മാലിന്യ സംസ്കരണ

പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഉറപ്പ് വരുത്തേണ്ട കാര്യങ്ങൾ ഉണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഉറപ്പ് വരുത്തേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ശുചിത്വ മാലിന്യ പെരുമാറ്റ ചട്ടം(ടൂറിസം പ്രോട്ടോകോൾ ) ഇതോടൊന്നിച്ച് ചേർക്കും പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി,ടൂറിസം വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, ടൂറിസം വകുപ്പ്

മാനേജിങ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെൻറ് കോർപറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ടൂറിസം വകുപ്പ്

എല്ലാ തദ്ദേശ സ്ഥാപനങ്ങളും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ഓഡിറ്റ്) കേരളം തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂ മീഡിയ,ഐ & പി ആർ ഡി

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 16-08-2025 12:21:17

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ-ക്ക്